# Malayala Manrama
# 31 August 2018
# Kalady; Flood, 3610 Catttle Died

## വെള്ളപ്പൊക്കത്തിൽ 3610 പശുക്കൾ ചത്തു

കാലടി ● വെള്ളപ്പൊക്കത്തിൽ പ്രാഥമിക കണക്കു പ്രകാരം ജില്ലയിൽ 3610 പശുക്കൾ ചത്തു. ജില്ലയിലെ 314 ക്ഷീരസംഘങ്ങളിൽ 150 എണ്ണത്തിലും പ്രളയം നഷ്ടം വരുത്തി.

പ്രാഥമിക കണക്കു പ്രകാരം ക്ഷീര മേഖലയ്ക്കു 12 കോടി രൂപയുടെ നഷ്ടം. ജില്ലയിലെ പാൽ സംഭരണത്തിൽ ഇപ്പോൾ 60 ശതമാനം കുറവുണ്ട്. പ്രളയം കനത്ത ആഘാതം ഏൽപിച്ച ക്ഷീരമേഖലയിൽ അടിയന്തര സാഹചര്യം നേരിടുന്നതിനും പുനരുദ്ധാരണ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ക്ഷീര വികസന വകുപ്പ്, മിൽമ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ ജില്ലാതല കമ്മിറ്റി രൂപീകരിച്ചു.

പ്രളയം ബാധിക്കാത്ത ക്ഷീര സംഘങ്ങളിൽ നിന്നു കഴിഞ്ഞ ജൂലൈ 31ലെ പാൽ അളവിന്റെ അടിസ്ഥാനത്തിൽ ലീറ്ററിനു രണ്ടു രൂപ പ്രകാരം സംഭാവനയായി സ്വീകരിക്കാൻ തീരുമാനിച്ചു.

നാഷനൽഡെയറിഡവലപ്മെന്റ് ബോർഡിൽ നിന്നു 10 ലക്ഷം രൂപയുടെ 1000 ചാക്ക് കാലിത്തീറ്റ ഈ മേഖലയിൽ ദുരിതം അനുഭവിക്കുന്ന കർഷകർക്കു നൽകും.

ക്ഷീരവികസന വകുപ്പ് ജില്ലാ ഡപ്യൂട്ടി ഡയറക്ടർ ജോസ് ജേക്കബ് (കൺവീനർ), മേക്കാലടി ക്ഷീരസംഘം പ്രസിഡന്റ് ടി.പി. ജോർജ് (ചെയർമാൻ) എന്നിവരുടെ നേതൃത്വത്തിലാണു 19 അംഗ ജില്ലാതല കമ്മിറ്റി രൂപീകരിച്ചത്.